***"CORRUPTION, A CRIME AGAINST NATION"***

*വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ*
*തിരുവനന്തപുരം-695033*
*ഇ.മെയിൽ : vig.vacb@kerala.gov.in*
*ഫോൺ-0471-2305393*
*തീയതി 06.05.2020*

## ലോക്ക്ഡൌൺ കാലത്തെ പൂഴ്ത്തിവെപ്പ് / അമിത വില / കരിഞ്ചന്ത/റേഷൻ വിതരണം : വിജിലൻസ് പരിശോധന തുടരുന്നു.

സംസ്ഥാന വ്യാപകമായി ചില വ്യാപാര സ്ഥാപനങ്ങളിൽ കരിഞ്ചന്തയും പൂഴ്ത്തിവെപ്പും അമിതവിലയും ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം വിജിലൻസ് തുടർന്ന് വരുന്ന പരിശോധനയുടെ ഭാഗമായി കഴിഞ്ഞ ദിവസം (05-05-2020) നടത്തിയ പരിശോധനയിൽ ക്രമക്കേടുകൾ നടത്തിയ 146 കട ഉടമകൾക്കെതിരേ നടപടിക്ക് വിജിലൻസ് ശുപാർശ ചെയ്തു.

വിജിലൻസ് നടത്തിയ പരിശോധനയിൽ സംസ്ഥാന വ്യാപകമായി ചില വ്യാപാരികൾ നിത്യോപയോഗ സാധനങ്ങൾക്ക് കൂടുതൽ വില ഈടാക്കുന്നതായും, ചില വ്യാപാരികൾ വൻതോതിൽ നിത്യോപയോഗ സാധനങ്ങൾ വാങ്ങി സംഭരിക്കുന്നതായും കണ്ടെത്തി. കൂടാതെ പരിശോധനയിൽ ഒട്ടു മിക്ക വ്യാപാര സ്ഥാപനങ്ങളിലും വില വിവര പട്ടിക പ്രദർശിപ്പിച്ചിട്ടില്ല എന്നും പച്ചക്കറികൾക്കും പഴവർഗ്ഗങ്ങൾക്കും അധിക വില ഈടാക്കിവരുന്നതായും, വില പ്രദർശിപ്പിച്ച സ്ഥാപനങ്ങളിൽ അതിൽ പറഞ്ഞിരിക്കുന്ന വിലയേക്കാൾ കൂടുതൽ തുകയാണ് ചില നിത്യോപയോഗ സാധനങ്ങൾക്ക് ഈടാക്കി വരുന്നതെന്നും വിജിലൻസ് കണ്ടെത്തി.

കഴിഞ്ഞ ദിവസം (05-05-2020) വിജിലൻസ് നടത്തിയ പരിശോധനയിൽ സംസ്ഥാനമൊട്ടാകെ 241 വ്യാപാരസ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ക്രമക്കേട് കണ്ടെത്തിയ 146 വ്യാപാരസ്ഥാപനങ്ങൾക്കെതിരെ മേൽനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാകുന്നു.

ഇന്നലെ (05-05-2020) വിജിലൻസ് നടത്തിയ പരിശോധനയിൽ ആലപ്പുഴ ജില്ലയിൽ 25 വ്യാപാരസ്ഥാപനങ്ങൾക്കെതിരെയും, തിരുവനന്തപുരം ജില്ലയിൽ 23 വ്യാപാരസ്ഥാപനങ്ങൾക്കെതിരെയും, കാസർകോഡ് ജില്ലയിൽ 17 വ്യാപാരസ്ഥാപനങ്ങൾക്കെതിരെയും, പാലക്കാട് ജില്ലയിൽ 16 വ്യാപാര സ്ഥാപനങ്ങൾക്കെതിരെയും, മലപ്പുറം ജില്ലയിൽ 15 വ്യാപാര സ്ഥാപനങ്ങൾക്കെതിരെയും, തൃശ്ശൂർ ജില്ലയിൽ 11 വ്യാപാരസ്ഥാപനങ്ങൾക്കെതിരെയും, നടപടികൾക്ക് വിജിലൻസ് ശുപാർശ ചെയ്തിട്ടുള്ളതുമാകുന്നു.

മിന്നൽ പരിശോധനയുടെ ഭാഗമായി കോട്ടയം വിജിലൻസ് യൂണിറ്റ് ഇന്നലെ കോട്ടയം ജില്ലയിലെ വിവിധ NFSA ഗോഡൌണുകളിലും, റേഷൻ ഷോപ്പുകളിലും പരിശോധന നടത്തിയതിൽ ചങ്ങനാശ്ശേരി NFSA ഗോഡൌണിൽ 6.5 ക്വിൻറൽ കടല യാതൊരുവിധ സ്റ്റോക്കിലും ഉൾപ്പെടാതെ സൂക്ഷിച്ചിട്ടുള്ളതായും കണ്ടെത്തി. കൂടാതെ ഉപയോഗ ശൂന്യമായ 815 ക്വിൻറൽ ചാക്കരി, 1758 ക്വിൻറൽ മട്ടയരി എന്നിവ യാതൊരുവിധ തുടർ നടപടികളും സ്വീകരിക്കാതെ സൂക്ഷിക്കുന്നതായും കണ്ടെത്തി. ഏറ്റുമാനൂർ കൊടത്തിപ്പാടി ARD No.79 മുൻകൂർ അനുമതി ഇല്ലാതെ ഉച്ചവരെ അടച്ചിട്ടിരുന്നതായും വിജിലൻസ് കണ്ടെത്തി.

ലോക്ക്ഡൌൺ കാലത്ത് അമിത വില ഈടാക്കി ഉപഭോക്താക്കളെ കൊള്ളയടിക്കാനുള്ള മൊത്ത കച്ചവടക്കാരുടെയും ചില്ലറ വ്യാപാരികളുടെയും നടപടികൾ അവസാനിപ്പിക്കുന്നതിന് വരും ദിവസങ്ങളിലും വിജിലൻസ് സംസ്ഥാനമൊട്ടാകെ പരിശോധനകൾ തുടരുമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ.അനിൽ കാന്ത് IPS അറിയിച്ചു.

വിജിലൻസ് ഇൻസ്പെക്ടർ ജനറൽ ശ്രീ. എച്ച്. വെങ്കിടേഷ് .ഐ.പി.എസ്-ന്റെ നേരിട്ടുള്ള നേതൃത്വത്തിൽ നടന്ന ഇന്നലത്തെ പരിശോധനയ്ക്ക്, വിജിലൻസ് ഇന്റലിജൻസ് പോലീസ് സൂപ്രണ്ടിന്റെ ചുമതല വഹിക്കുന്ന ശ്രീ. ഇ.എസ്. ബിജുമോനും സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും വിജിലൻസ് യൂണിറ്റ് മേധാവികളും പങ്കെടുത്തു.

...................